honorary men in charge but still they should be under the control of somebody who should be responsible to the Government.

Dr. A. R. Menon *(Pallippuram)*.—That shows the absolute ignorance of the Hon'ble Member. The honorary man has nothing more to do than to prescribe the diet and medicine to the patients and then go away. He has nothing to do with the hospital. He will write down the prescription, examine the patients, give directions to the nurses and go away. His directions should carry the same weight as the paid man. Where is the administrative control here? It is in the hands of a Manager or Secretary, paid or unpaid and the doctors have nothing to do with it. Now the Civil Surgeon is under the C. M. O. The Honorary man should also be under the C. M. O. but he should not be under the civil surgeon. We want your civil surgeons to work in a proper way, and support the medical men here who want to work. If competent men are forthcoming with the same qualifications as your civil surgeons who are appointed now, will they be appointed in the same position on an equal footing with the civil surgeons under the C. M. O?

Dr. D. Raghavendra Rao *(Chief Medical Officer)*.—If they are appointed they will be under the C. M. O.

Mr. K. P. Kannan Nayar *(Secretary to Government)*.—So far as that question is concerned Government will seriously consider it.

Dr. A. R. Menon *(Pallippuram)*.—In order to strengthen the hands of the Government I press the motion to a division.

Motion was put and carried.

The Demand under Medical less Rs. 3 was put and carried.

16—Medical—Cranganur—Rs. 6,130.

Dr. D. Raghavendra Rao *(Chief Medical Officer)*.—I rise to move for a grant of Rs. 6,130 under 'Medical—Cranganur.'

Demand was put and carried.

24—Ayurveda—Rs. 18,126.

Dr. E. S. R. Menon *(Director of Public Health and Panchayats)*.—Sir, I rise to move for an allotment of Rs. 18,126

LIBRARY ARCHIVES Kerala Legislative Assembly

under '24—Ayurveda'. I request the House may be pleased to grant the same.

Motion No. 40.

* **Mr. T. A. Ramachandra Ayyar** (*Nellayi*).—"*To reduce the allotment of Rs. 18,126 for Ayurveda by Re. 1. To make better provision for advancing Ayurvedic treatment in the State*".

സർ, ഞാൻ ആയുർവേദത്തെപറ്റി അധികമൊന്നും പഠിച്ചിട്ടില്ല. എന്നാൽ വളരെ പഠിച്ചിട്ടുള്ള ഡോക്ടർമാരേയും മഹാന്മാരേയും ചേർത്ത് ഒരു കമ്മിറ്റി രൂപീകരിച്ചു, അതിൽ കൊച്ചീരാജ്യത്തിലെ അന്നത്തെ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ മഹാന്മാരായ അനേക ആയുർവ്വേദ എക്സ്പെർട്ട്സിനെ കൂടി വിസ്തരിച്ചു, അവരുടെ തെളിവുകൂടി സ്വീകരിച്ചിട്ടുള്ള ഒരു റിപ്പോർട്ട് വായിക്കുവാൻ എനിക്കു ഇടവന്നു. അതു് വായിക്കുവാനിടവന്നതിനാലാണു ഇങ്ങിനെ ഒരു കട്ട്മോഷൻ അയയ്ക്കുവാൻതന്നെ ഇടയായതു്. അതിൽ പറഞ്ഞിട്ടുള്ളതിൽ ചില ഭാഗങ്ങൾ ഇവിടെ വായിക്കാം. ഇതു് മദ്രാസ് ഗവൺമെണ്ടിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ളതും 220 പേജു അടങ്ങീട്ടുള്ളതുമായ ഒരു റിപ്പോർട്ടാണു്. ഇതിൽ ആയുർവേദ സിസ്റ്റത്തെപ്പറ്റി പറഞ്ഞിട്ടുള്ളതു്

"From the standpoint of Science, the Indian systems are strictly logical and scientific and (2) from the standpoint of Art, they are not self-sufficient at present, especially in the surgical line, though in the medical line they are, generally speaking, quite self-sufficient, efficient and economical".

ആയുർവേദം വളരെ ആദായമുള്ള ഒരു ചികിത്സയാണെന്നു് ഇതിൽ പറഞ്ഞിട്ടുണ്ടു്. അതിൽ ചില ഫിഗേഴ്സ് പറഞ്ഞിട്ടുണ്ടു്. അതു ആശുപത്രിയിൽ ചികിത്സിച്ചിട്ടുള്ളതിന്റെ ഫിഗേഴ്സാണു്. അതു നോക്കിയാൽ ഇതു പ്രത്യക്ഷമായി മനസ്സിലാകുന്നതാണു്. മദ്രാസിൽ ചെങ്കൽപൂരി ആശുപത്രിയിൽ ഒരു കൊല്ലത്തിൽ വന്നിട്ടുള്ള പേഷ്യൻസ് ആറുലക്ഷത്തി ഇരുപത്തയ്യായിരമാണു് അധികൃതന്മാർ പറയുന്നു:

"We are obliged to handle these cases not because we have the necessary equipment and leisure to do so, but because of the importunity of the patients themselves who seem to believe that our ointments and applications cure them more speedily. Although we in some cases insist on the patients to go to allopathic hospitals for operation they invariably go here agian after operation for further treatment" ഇതിൽ അവർ ചികിത്സ മാത്രമല്ല; ശസ്ത്രക്രിയകൂടി ചെയ്തിട്ടുള്ളതായിട്ടാണു പറയുന്നതു്.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

"The statistics given above do certainly afford clear evidence that the Indian systems are not only efficient as far as they go, but undoubtedly more economical than the western system."

അവക്ക് ഈ മരുന്നുകൊണ്ടു ശസ്ത്രക്രിയയേക്കാൾ വേഗത്തിൽ ആശ്വാസം കിട്ടിയിരുന്നു എന്നു കാണ്മാനാണു ഇവിടെ പ്രധാനമായി പറയാനുള്ളതു്. ഈ ചികിത്സയുടെ ചിലവിനെപ്പറ്റി പ്രത്യേകം പറയുന്നുണ്ടു്. അലോപ്പതിക്കു് ഒരാൾക്കു ചിലവു നൂണ. വ. സ. ആണു്. എന്നാൽ അതിനടുത്തുള്ള ആയുർവേദാശുപത്രിയിൽ വൃപൈസ ആണു് ഒരാൾക്കു ചിലവു വന്നിട്ടുള്ളതു്. അതുപോലെ തിരുവനന്തപുരം ആയുർവേദ ആശുപത്രിയിലെ കണക്കു നോക്കിയാലും ചിലവു വളരെ കുറവാണു്. ചികിത്സിച്ചിട്ടുള്ള ആളുകൾ വളരെ കൂടുതലുമാണു്. വേറെ പല ആശുപത്രികളെക്കുറിച്ചും പറയുന്നുണ്ടു്. കൂടുതൽ സമയം വ്യയംചെയ്യേണ്ടെന്നുവെച്ചു് അതൊന്നും ഞാൻ പറയുന്നില്ല. ഇതിൽനിന്നു ആകെ നോക്കിയാൽ "It should be further remembered that there are hundreds of drugs, vegetable, animal and mineral, used widely by Ayurvedic practitioners which their Know-all western trained rivals have not even heard of yet." എന്നു പറഞ്ഞിട്ടുണ്ടു്. ഇതിൽ പറഞ്ഞിട്ടുള്ള മരുന്നുകളെപ്പറ്റി പറയുകയാണെങ്കിൽ, ആയുർവേദ സിസ്റ്റപ്രകാരമുള്ള മരുന്നുകളിൽ വളരെ വിശേഷപ്പെട്ട മരുന്നുകളുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഈ മരുന്നുകളുടെ ഗുണമൊന്നും വെസ്റ്റേൺ സിസ്റ്റുക്കാരറിഞ്ഞിട്ടില്ലെന്നു് ഇതിൽ സമ്മതിച്ചിട്ടുണ്ടു്.

"But to the bigoted and prejudiced Medical man trained in western medicine alone these remain a closed subject because he would never care to study them under proper guidance." എന്നാണു പാടത്തിരിക്കുന്നതു്. നമ്മുടെ ഇടയിലുള്ള മറെറാരു ദോഷമെന്തെന്നാൽ ഈ ആയുർവേദത്തെപ്പറ്റിമേലനേഷണം നടത്താനും മറും അലോപ്പതി ഡാക്ടറന്മാരെ നിയമിക്കുന്നുവെന്നുള്ളതാണു്. അവക്കു ആയുർവ്വേദത്തെക്കുറിച്ചു പരിഹാസമാണു്. നമ്മുടെ ചീഫ് മെഡിക്കലാഫീസർ അവർകൾതന്നെ ഒരിക്കൽ ആയുർവ്വേദത്തെക്കുറിച്ചു വളരെ പുച്ഛമായി സംസാരിച്ചുകേട്ടിട്ടുണ്ടു്. അതിനാൽ ആയുർവ്വേദത്തെക്കുറിച്ചു പരിഹാസമുള്ളവരെ തന്നെ അതിന്റെ മേലധികാരികളായി വെക്കുന്നതു തെറ്റാണു്. അതുകൊണ്ടു പഴയ ആയുർവ്വേദ ഡാക്ടറന്മാരെ തന്നെ മേലധികാരികളായി നിയമിച്ചു അന്വേഷണം നിർവ്വഹിക്കണം.

അതുകൊണ്ടു അലോപ്പതിക്കാരെ ഏൽപ്പിക്കാതെ നമ്മുടെ ശാസ്ത്രത്തിൽ നിപുണത സിദ്ധിച്ചിട്ടുള്ളവരെ വേണം നമ്മുടെ ആയുർവ്വേദത്തെ ഏൽപ്പിക്കാൻ.

പിന്നെ ഒരുദാഹരണംകൂടി പറയാം. പൂനായിൽ ഒരു ആയുർവ്വേദാശുപത്രിയുണ്ടു്. അവിടെ ഇൻഠ പെഷ്യൻസുണ്ടെന്നാണു കാ

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നാണ്. ഇതുവരെ ആളുകൾ അവിടെ പോകാനുള്ള പ്രധാനകാരണം മരുന്നിന്റെ ഗുണംകൊണ്ടും ആദായംകൊണ്ടുമാണ്.

അതുകൊണ്ട് എനിക്കു പറയുവാനുള്ളത് എന്തെന്നാൽ ഇവിടത്തെ ആയുർവ്വേദിപ്പാർട്ടുമെന്റിലെ മേലദ്ധ്യക്ഷൻ ഈ റിപ്പോർട്ട് വായിച്ചു മനസ്സിലാക്കി നമ്മുടെ നാട്ടുകാക്ക് എത്തെല്ലാം ഗുണങ്ങൾ ചെയ്യാൻ സാധിക്കുമോ അതൊക്കെ ചെയ്യണമെന്നാണ്. ഇതു വലിയ ഇംഗ്ലീഷ് ഡാക്ടറന്മാരും ക്രൂടി സമ്മതിച്ചിട്ടുള്ള സംഗതിയാണ്. ആയുർവ്വേദമാണ് ഇൻഡ്യാരാജ്യത്തിനു പറ്റിയ ചികിത്സാസമ്പ്രദായമെന്ന്. എന്നല്ലാ ഒരു സായിപ്പുക്രൂടി ഇതിനെക്കുറിച്ചു നന്നായി പറഞ്ഞിട്ടുണ്ട്. പിന്നെ ഇതിനെ എത്തെല്ലാം വിധത്തിൽ അഡ്വാൻസ് ചെയ്യാൻ കഴിയുമെന്നു ചോദിച്ചാൽ അതും ഈ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. അതായതു്,

"The summary of their conclusions is—

(1) From the standpoint of science, the Indian systems are logical and scientific.

(2) From the standpoint of art they are not self sufficient at present in the surgical line; but in the medical line they are quite self-sufficient, efficient and economical.

(3) In the best interests of science as well as of suffering humanity, it is highly desirable that the followers of Indian Medicine should study the scientific methods of the west and adopt into their system whatever is useful in Western medicine and vice versa.

(4) To practice the art of medicine without a study of the science on which the art is based is quackery and, whether it is undertaken by the followers of Indian or European medicine, such quackery is always undesirable and sometimes dangerous or even disastrous.

(5) It is only through the promotion of the Indian System of Medicine that, under the present circumstances, the State can hope to achieve the ideal of bringing medical relief within easy reach of all people, especially in the rural areas.

(6) It is therefore incumbent upon the State to explore to the full the possibilities of the Indian systems of medicine with a view to make them wholly self suificient and fully efficient in both its medical and the surgical branches.

(7) The first and the most important step that has now to be undertaken by our Government is to make an immediate declaration of its policy to accord State recognition and State encouragement to the Indian systems of medicine, viz., the Ayurveda, the Siddha and the Unani'.

അതുകൊണ്ട് ഈ ആയുർവ്വേദസിസ്റ്റത്തെ ഇവടെ പഠിപ്പിക്കാനും അതിനെ അഭിവൃദ്ധിയിൽ കൊണ്ടുവരുവാനും വേണ്ടതായ ഏർപ്പാടുകൾ ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്. ഇപ്പോൾ നമുക്കുള്ള ഒരു ദോഷം പുസ്തകത്തിൽ പഠിച്ചിട്ടുള്ളതു പ്രകാരം ചികിത്സിക്കുകയില്ലാതെ അതി

LIBRARY ARCHIVES Kerala Legislative Assembly

ൽ ക്രൂടുതലായൊന്നും ചെയ്യാൻ ശ്രദ്ധ വെക്കുന്നില്ലെന്നതാണ്. ഇതിന് ആയുർവ്വേദസ്കൂളുകൾ തുടങ്ങി കുട്ടികളെ പഠിപ്പിച്ചു ശരിയാക്കണം. ഒരു ഉദാഹരണം പറയാം. അലോപ്പതിക്കാർ ഇഞ്ചക്ഷൻ ചെയ്യുന്നുണ്ട്. ആയുർവ്വേദത്തിൽ അങ്ങിനെ ഇഞ്ചക്ഷൻ ഇല്ല. അതുപോലെ നമ്മുടെ മരുന്നുകളിൽ ചിലതിന്റെ എസൻസെടുത്തു ഇഞ്ചക്ട് ചെയ്യാൻ സാധിക്കുന്നതാണ്. അതുകൊണ്ടു ഇതിലേയ്ക്കു വേണ്ട പണം ചിലവുചെയ്ത് അഭിവൃദ്ധിപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യൻ *(Nominated)*— ആയുർവ്വേദചികിത്സാസമ്പ്രദായം ഇനിയും ക്രൂടുതൽ നമ്മുടെ രാജ്യത്തിൽ വർദ്ധിപ്പിക്കണമെന്ന് എനിക്കാഗ്രഹമുണ്ട്.

ഇപ്പോൾ നടന്നുവരുന്ന ചികിത്സാരീതികൊണ്ടു പൂർണ്ണഫലം സിദ്ധിക്കുന്നില്ല. ഇംഗ്ലീഷ് ചികിത്സാസമ്പ്രദായംപോലെ ആയുർവ്വേദചികിത്സാസമ്പ്രദായവും അതോടുകൂടി ചിന്താമണി ചികിത്സ; അതായതു ഭസ്മസിന്ദൂരപ്രയോഗങ്ങളും കൂടി ഉൾപ്പെടുത്തി ആയതിന്നു ഒന്നോ രണ്ടോ വൈദ്യന്മാരേയുംകൂടി നിയമിക്കുകയും, അവിടെ വരുന്ന രോഗികൾക്കു ആയുർവ്വേദ ആസ്പത്രിയിൽ കിടത്തി ചികിത്സിക്കുവാനുള്ള എല്ലാ സ്വാതന്ത്ര്യങ്ങളും ചെയ്തുകൊടുക്കയും വേണ്ടതാണ്. സ്വർണ്ണം, വെള്ളി, തങ്കം മുതലായവകളെ ഭസ്മസിന്ദൂരമാക്കി രോഗികൾക്കു കൊടുക്കുന്നതായാൽ പലേ മഹാരോഗങ്ങളും ഉടനടി മാറുവാൻ സാധിക്കുമെന്നുള്ളതിന്റെ അനുഭവവും എനിക്കു ഈ വക മരുന്നുകൾ ഉണ്ടാക്കികൊടുത്തു കണ്ടറിയുവാൻ സാധിച്ചിട്ടുണ്ട്. ആയതുകൊണ്ട് ആയുർവ്വേദചികിത്സയിൽ ചിന്താമണിചികിത്സയും കൂടി ചേർത്ത് ആയുർവ്വേദ ചികിത്സാസമ്പ്രദായം പാശ്ചാത്യ ചികിത്സാസമ്പ്രദായംപോലെ— രോഗികളെ ആസ്പത്രിയിൽ കിടത്തി ചികിത്സിക്കുന്നതിന്നുവേണ്ടി— എല്ലാ സൌകര്യങ്ങളും ചെയ്തുതരുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടു എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

Mr. P. Kumaran Ezhuthassan *(Wadakkancheri)*.—I will preface my remarks by saying that it is not to criticise that I get up. It is just to offer some constructive suggestions. We are grateful to the Government for having done something at least in the department for Ayurveda. We have got the Central Ayurvedic hospital for which a provision of Rs. 18,000 and odd is made for the next year. We have also, under the Panchayats, Ayurvedic Vaidyasalas as many as 18 already existing and one more is proposed to be had next year for which a sum of Rs. 11,500 and odd is also proposed to be spent.

My Hon'ble friend who moved the cut has dealt with one side of the proposition, the improvements that may be effected in the science itself. Even though I am not an Ayurvedic

LIBRARY ARCHIVES Kerala Legislative Assembly

physician, I know that it is a very successful department of treatment. Many a case given up as hopeless by the Allopathic Doctor, I know for a fact, has been taken up by the Ayurvedic physician and successfully treated. That is a fact which is known to me as also to many of my honourable friends. That being the position of Ayurveda any sort of improvement to be effected in the science is welcome, it is not only welcome, it is necessary, it is not only necessary, it is emergent.

But I am on quite a different thing. I wish to suggest to the Government that the Central Ayurvedic Hospital may be improved in various ways. I want also to tell the Government that the policy of the Government to grant us only one Ayurvedic Vaidyasala per year is one which ought to be given up at once. We have got 275 villages. I expect, not in the distant future, to have one Ayurvedic Vaidyasala for each village thus helping the villager to have medical aid close at hand in the midst of his very many difficulties. That is the point that I want to stress upon the Government. I have got up here simply to tell the Government that they may be pleased hereafter even from the start of the next year to give more than one vaidyasala to the villages and in that attempt of theirs the taluk of Talappilli may also be given its due consideration because the list of Vaidyasalas will show that Talappilli is treated in this matter also as Talappilli is treated generally. We deserve much more because we are seen to be a sort of people which is much better not to describe. There is a sort of partiality shown to other places which may kindly be changed and it may be considered that we also are subjects, loyal subjects, of His Highness, having all sorts of difficulties that are confronted, endured by His Highness' subjects, elsewhere, and therefore deserving equal consideration.

With these words I support the motion.

Dr. A. R. Menon *(Pallippuram).*—Sir, I wish to support one point. There must be a body of examiners to examine these Vydians. Everybody who has been making some concoction of medicine after some time becomes a physician. That system should be put a stop to. It is essential that there must be a certificate issued to these people from a board of examiners before they are allowed to practise. Many people without the elementary knowledge of the science go about as physicians. It is a nuisance and it is a danger. I think I have to support Mr. Ramachandra Ayyar in asking for a school of Ayurveda so that that institution may issue the necessary certificates.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. നാരായണമേനോൻ *(Vyttila)*.— സർ, ഈ ഉപക്ഷേപത്തെസംബന്ധിച്ചു ഇതിനുമുമ്പു ഇവിടെ പ്രസ്താവിച്ചതിൽ കൂട്ടതലായി ചില വിഷയങ്ങളെ ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതു്. ഒന്നാമതായി ആയുർവ്വേദ ഡിപ്പാർട്ടുമെൻറിനു കൊടുക്കുന്ന പണം കുറേക്കൂടി കൂട്ടിക്കൊടുക്കേണ്ട കാര്യം ഗവൺമെൻറുടയവായി ആലോചിച്ചാൽ കൊള്ളാം. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറവർകൾ പറഞ്ഞ മാതിരി ഓരോ വർഷം ഓരോ ഡിസ്പെൻസറി ഓരോവില്ലേജിൽ തുടങ്ങുകയാണെങ്കിൽ ൨൫൦ വർഷങ്ങൾ വേണ്ടിവരുന്നു. ഇപ്പോൾ പരീക്ഷ പാസായിട്ടുള്ള പല ആളുകളും ഗവൺമെൻറിൽനിന്നു യാതൊരു സഹായവും പ്രോത്സാഹനവും കിട്ടാതെ കിടന്നു അരിഷ്ടിക്കുന്നുണ്ടെന്നു് എനിക്കു അറിയാം ഈ സംഗതിയെപ്പറ്റി ഞാൻ സ്റ്റാൻറിംഗ് ഫിനാൻസു കമ്മിറ്റിയിൽ പ്രസ്താവിച്ചിട്ടുണ്ടു്. വൈദ്യസഹായം തീരെ ഇല്ലാത്ത പൂണിത്തുറെ ഒരു വൈദ്യ കലാനിധി നടത്തുന്ന ഒരു വൈദ്യശാലക്കു സഹായധനം ഇയ്യാണ്ടിൽ കിട്ടുമെന്നു വിചാരിക്കുന്നതു ബഡ്ജറിൽ കാണുന്നില്ല. പിന്നെ വേറെ ഒരു സംഗതി എനിക്കു പറയുവാനുള്ളതു "മരുന്നകം ഉണ്ടാക്കിക്കൊടുക്കുക" എന്ന ഒരു നിർബന്ധം വെച്ചിട്ടുള്ളതിനെപ്പറ്റിയാണു്. അതു കുറേക്കൂടി വിപുലമായ നിലയിൽ ചെയ്യുകണ്ടാൽകൊള്ളാം. ഇപ്പോൾ ആയുർവ്വേദ വൈദ്യന്മാർ മരുന്നകം ഉണ്ടാക്കി വില കുറെ അധികമല്ലെ കൊടുക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഗവൺമെൻറിൽനിന്നു വിലകുറച്ചു മരുന്നകം നേരിട്ടു ഉണ്ടാക്കിക്കൊടുക്കുന്നതായാൽ മരുന്നവിലയുടെ നിലവാരം കുറയും, അതു നാട്ടുകാക്കു് വലിയ സഹായമായിത്തീരും. അതു അത്യാവശ്യമായ ഒരു പരിഷ്കാരമാണു്. പിന്നെ വിഷവൈദ്യന്മാരുടെ കാര്യത്തിൽ കുറെ മനസ്സു വെയ്ക്കണമെന്നാണു് എനിക്കു ഗവൺമെൻറിനോടു പറയുവാനുള്ളതു്. ഇവിടത്തെ ഒരു ബാല്യുതപ്പെട്ട ഗവൺമെൻറു ഡാക്ടർ ഒരിക്കൽ പ്രസ്താവിച്ചുവതെ. ഇവിടങ്ങളിലെ പാമ്പുകൾക്കു വിഷംതന്നെയില്ലെന്നു്! അത്തരം പാമ്പുകൾ തെക്കെ ആഫ്രിക്ക മുതലായ സ്ഥലങ്ങളിലെയുള്ളുവെന്നാണദ്ദേഹത്തിന്റെ അഭിപ്രായം. വിഷം തീണ്ടി എന്നു പറയുന്നതു വെറും വ്യാമോഹമാണത്രെ! ഈ പ്രസ്താവന വായിച്ചുകേട്ടപ്പോൾ ഗവൺമെൻറിൽനിന്നു ആയുർവ്വേദത്തിനായി പണം ചിലവുചെയ്യുന്നതു തന്നെ കുറെ ആലോചിച്ചിട്ടവേണ്ടയെന്നു് എനിക്കു തോന്നി. ഗവൺമെണ്ടു വിഷവൈദ്യത്തിനു ആളുകളെ നിയമിച്ചിട്ടുള്ള സ്ഥിതിക്കു ഇത്തരം പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തുവാനിടയാകരുതെന്നാണു എനിക്കു ഗവൺമെൻറിനോടു പറയുവാനുള്ളതു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പഞ്ചായത്തുഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഫൻ വൈദ്യശാലകളുണ്ടെന്നു കാണുന്നു. ഈ വൈദ്യന്മാക്കെല്ലാംകൂടി ഒരിക്കൽ സമ്മേളിക്കുവാൻ സൌകര്യം ചെയ്തുകൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സമ്മേളനത്തിന്റെ ഫലമെന്താണെന്നു ഞാൻ അന്വേഷിച്ചതിൽ യാതൊരു പ്രയോജനവുമില്ലെന്നു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു. പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽനിന്നു ഈ യോഗം കൂടുന്നതിനു പോകുന്ന വൈദ്യന്മാരുടെ ചിലവുകൾ കൊടുക്കുന്നുണ്ട്. എന്നാൽ ഇവർ യോഗം കൂടി വാദപ്രതിവാദം നടത്തിയതിൽനിന്നുണ്ടാകുന്ന ഫലം നാട്ടുകാക്കിതേവരെ അനുഭവിക്കാൻ സാദ്ധ്യമായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. എന്റെ അന്വേഷണത്തിൽ അവർ പലേ രോഗങ്ങളെപ്പറ്റിയും ചികിത്സാസമ്പ്രദായങ്ങളെപ്പറ്റിയും വാദപ്രതിവാദങ്ങൾ നടത്തുന്നുണ്ടെന്നു മനസ്സിലായിട്ടുണ്ട്. എന്നാൽ അവരുടെ ആ പര്യവേഷണം നടപ്പിൽ വരുത്താൻ വേണ്ട യാതൊരു സൌകര്യങ്ങളും ഗവർമ്മെൻറു ചെയ്തുകൊടുക്കുന്നില്ല. അതുകൊണ്ടു അതിന്റെ സ്ഥിതി വളരെ ഉപയോഗശൂന്യമായാണു തീർന്നിരിക്കുന്നതു്. അവരുടെ കാൺഫറൻസു പ്രയോജനമുള്ളതാണെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ടു്. പക്ഷെ അതിനാവശ്യമായ പ്രോത്സാഹനം കൊടുക്കാത്തതുകൊണ്ടു് അവരുടെ പ്രയത്നവും ചിന്തയും നാട്ടിനു നഷ്ടമായിവരുന്നു. നമ്മുടെ ഈ ആയുർവ്വേദകന്മാരുടെ കണ്ടുപിടിത്തങ്ങളേയും ചിന്താസന്താനങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനു ഒരു കമ്മിറ്റിയെ രൂപീകരിക്കുന്നതും തദ്വാരാ അവർ കണ്ടുപിടിക്കുന്ന മരുന്നുകളുടേയും രോഗങ്ങളുടേയും സ്ഥിതിഗതികളനുസരിച്ചു നടപ്പിൽ വരുത്തുന്നതിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നപക്ഷം നമ്മുടെ ആയുർവ്വേദസമ്പ്രദായത്തെ വളരെ ഫലത്തിൽ കൊണ്ടുവരാൻ സാധിക്കുകയും ചെയ്യുമെന്നാണു എനിക്കുള്ള അഭിപ്രായം. ഇപ്പോൾ എല്ലാ പഞ്ചായത്തു വൈദ്യശാലകളിലേയ്ക്കും സപ്ലൈ ചെയ്യുന്ന മരുന്നുകൾ സെൻട്രൽ ആയുർവ്വേദ ഫാർമസിയിൽ തയ്യാറാക്കുന്നതാണ്. ഈ മരുന്നുകൾ വളരെ ഉപകാരപ്രദങ്ങളാണെന്നതന്നെയല്ല വളരെ വിശ്വാസയോഗ്യവും വിലക്കുറവുമാണ്. ഉൾനാട്ടുകാക്കു അത്യാവശ്യം വേണ്ടിവരുന്ന മരുന്നുകൾ അവിടെയുള്ള വൈദ്യശാലയിൽനിന്നു കൊടുത്തു തൃപ്തിപ്പെടുത്താൻ സാധിക്കുന്നില്ല. അത്യാവശ്യം വേണ്ടിവരുന്ന മരുന്നുകൾ ആ വൈദ്യശാലകളിൽനിന്നുതന്നെ വില്പന ചെയ്യുന്നതിനുവേണ്ട സൌകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്. ഇപ്പോൾ ആ വൈദ്യശാലകൾക്കു അനുവദിച്ചിട്ടുള്ള മരുന്നുകളുടെ തോതു നോക്കുമ്പോൾ ജനങ്ങളുടെ ആവശ്യാനുസരണം ചികിത്സ ചെയ്യുന്നതിനുള്ള മരുന്നുകൾ കൊടുക്കുന്നതിനു സൌകര്യമില്ല. അതുകൊണ്ടു വൈദ്യശാലകളിൽ ആവശ്യമായ മരുന്നുകൾ വില്പന ചെയ്യുന്നതിനുള്ള സൌകര്യങ്ങളും ചെയ്തുകൊടുക്കണമെന്നാണു ഞാൻ പറയുന്നതു്. ഈ ആയുർവ്വേദ ചികിത്സാസമ്പ്രദായത്തെ പരിപോഷിപ്പിക്കാനും ഒരു നല്ല ഭാവി അതിനുണ്ടാക്കിത്തീർക്കുവാനും ആയി എന്തെല്ലാം മാർഗ്ഗങ്ങളുണ്ടോ അതിനുവേണ്ട ചിലവു ഗവർമ്മെണ്ടിൽനിന്നു പ്രത്യേക ദൃഷ്ടിവച്ചു ചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Mr. E. Ikkanda Warriar *(Urakam)*.—I wish to add, Sir, one word to the discussion. If the work of the Central

LIBRARY ARCHIVES Kerala Legislative Assembly

Ayurvedic Hospital is to be taken as the basis for judging the progress that we are making in the spread of the Ayurvedic system I would respectfully beg to submit that the result is disappointing. At the time when the very idea of starting this department was made requests were made from all corners of this Council to the Government not to place it under Allopathic doctors. We heard today that one of the most important recommendations made by the Madras committee as evidenced by the extracts from its report read to this House by the Hon'ble mover is not to place this department under the Allopathic doctors. In other words it must be worked by persons who have absolute faith in that system and who will see that progress is made in all directions. Let us see what the situation here is. At the time when the hospital was inaugurated it was placed under the charge of the Diwan Peishkar Rao Sahib the late Mr. Kasturi Ranga Ayyar who was an ardent believer in and a supporter of this system of treatment. He was devoting a good portion of his time in developing that department. Gradually we find a superintendent appointed who had training in the western system of medicine. I sounded a note of warning when that gentleman was appointed not because I had any bias against him, but because a person with no particular attachment to and partiality for the system of Ayurveda will not be in a position to nurse it properly. Subsequently we found that it was taken out of the hands of the Diwan Peishkar and placed under a full fledged English Doctor, I mean the Director of Public Health and Panchayats. This is so far as the management of it is concerned.

As regards the treatment also we find that—whoever is responsible for it—I do not propose to drag this House into a controversy over it but suffice it to say—the Ayurvedic hospital is deprived of one of the eminent physicians in Malabar or in South India or for the matter of that the whole of India, Vydia Ratnam Narayan and Moosad who was attending it very regularly and who was taking a keen interest in the growth of that institution. We find after some time that it was not made possible for that great man to attend the hospital. Somehow or other the services of his son were secured and the public believed that he in consultation with his father would be able to do something. Recently that gentleman also has ceased to attend that institution. Sir, why he ceased to attend, the officers concerned will be in a position to tell us. I rest content by saying that the department has so conducted

LIBRARY ARCHIVES Kerala Legislative Assembly

itself that it managed to lose the services of these gentlemen. I do not wish to say further on that point.

Sir, in spite of requests from all quarters for more and more, the allotment for this department is at least Rs. 500 less than the previous year. This at any rate shows how the wind blows. I therefore say that the way in which that institution is worked is not conducive to its growth.

Mr. A. V. Moothedan *(Chalakkudi)*.—I want only to suggest, Sir, that more Visha Vydiasalas be started in the Chalakkudi constituency. You find the most venemous snakes in my constituency. For example the king cobra was caught from Chalakkudi forests. With all that there is no Visha Vydiasala in Chalakkudi. But Government might say that honorary Visha Vydians are trained from almost all Villages. But that is not enough. What I beg to submit is that there should be one Visha Vydiasala for a cluster of five or six villages together. There are in all 15 villages in my constituency. Therefore I suggest to the Government to start one Visha Vydiasala at Kodakara and another at Chalakkudi.

മിസ്സിസ്സ് മീനാക്ഷി എൻ. മേനോൻ *(Nominated)*.— സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നതോടുകൂടി ഉപക്ഷേപകത്താവായ ബഹുമാനപ്പെട്ട നെല്ലായിമെമ്പർ അവർകൾ പറഞ്ഞ അഭിപ്രായത്തോടു യോജിക്കുകയും ചെയ്യുന്നു.

ബഹുമാനപ്പെട്ട പള്ളിപ്പുറം മെമ്പർ അവർകൾ, ആയുർവ്വേദവൈദ്യന്മാർ ആളെകൊല്ലികളാണെന്നു പറഞ്ഞു. പക്ഷെ ആളെകൊല്ലുന്ന കാര്യത്തിൽ അലോപ്പതി ഡോക്ടരും മലയാളവൈദ്യന്മാരും തമ്മിൽ വലിയ വ്യത്യാസമൊന്നുമുണ്ടെന്നു എനിക്കു തോന്നുന്നില്ല. വൈദ്യന്മാർ ആളുകളെ കൊല്ലുന്നുണ്ടെങ്കിൽ അതു അവക്കു വേണ്ടതു പഠിച്ചിട്ടില്ലാത്തതുകൊണ്ടാണു്. അതുകൊണ്ടു ആയുർവ്വേദ സ്കൂളുകൾ സ്ഥാപിച്ചു ആയുർവ്വേദം പഠിപ്പിച്ചു അതിനെ നമ്മുടെ രാജ്യത്തു അഭിവൃദ്ധിപ്പെടുത്തുവാനായി എന്തെല്ലാം ചെയ്തുകൊടുക്കാമോ അതെല്ലാം ചെയ്തുകൊടുക്കേണ്ടതു അത്യാവശ്യമാണു്. എന്നതന്നെയല്ല അലോപ്പതി വൈദ്യത്തിന്നു എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോ ആ സൌകര്യങ്ങളെല്ലാം ആയുർവ്വേദത്തിന്നും ചെയ്തുകൊടുക്കണമെന്നും ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— സർ, വൈദ്യം പലതരത്തിലുണ്ടു. അലോപ്പതി, യുനാനി, ഹോമിയോപ്പതി, ആയുർവ്വേദം ചിന്താമണി മുതലായി പലതരത്തിലുള്ള ചികിത്സകളെല്ലാമുണ്ടു. ഒരു അലോപ്പതി ഡാക്ടർക്കു മാറാൻ സാധിക്കാത്ത ചില രോഗങ്ങൾ ഒരു ആയുർവ്വേദവൈദ്യനോ യുനാനി ഡാക്ടരോ ചികിത്സിച്ചു

LIBRARY ARCHIVES Kerala Legislative Assembly

സുഖമാക്കുന്നുണ്ട്. അതിന് ഒരുദാഹരണം പറയാം. ഇന്നത്തെ ചീഫ് മെഡിക്കൽ ആഫീസറായിരിക്കുന്ന മാന്യദേഹം തൃശ്ശൂർ സിവിൽ സർജനായിരുന്ന കാലത്തു് എന്റെ സംബന്ധത്തിൽപെട്ട ഒരാൾ വയറ്റിൽ വേദനയായി അവിടെ ചെന്നു. അയാളെ പരിശോധിച്ചതിനു ശേഷം ഓപ്പറേറു ചെയ്തില്ലെങ്കിൽ നിങ്ങൾ ഒരാഴ്ചക്കുള്ളിൽ മരിച്ചു പോകുമെന്നു പറഞ്ഞു. ഇയ്യാൾ ഭയന്നു വീട്ടിലേക്കു മടങ്ങി. എന്നാൽ ആ ആളെ എളവുള്ളി കൊച്ചുഗോവിന്ദക്കുറുപ്പ് എന്ന ഒരു ആയുർവ്വേദ വൈദ്യൻ പത്തു ദിവസത്തെ കഷായംകൊണ്ടു നിഷ്പ്രയാസം സുഖപ്പെടുത്തി.

മിസ്റ്റർ പി. ജെ. ജോർജ് *(Joint Secretary to Government)*.— ആ ആൾ ഇപ്പോഴുണ്ടോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*). അലോപ്പതി ഡോക്ടരുടെ കയ്യിൽനിന്നും രക്ഷപ്പെട്ടതു കൊണ്ടു ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഇംഗ്ലണ്ടിൽ പോയി വലിയ ബിരുദങ്ങൾ സമ്പാദിച്ചുവന്ന ഒരു ഡാക്ടർ ഇങ്ങിനെ പറഞ്ഞതു് ഒരു ആയുർവ്വേദവൈദ്യൻ ഇത്രക്ഷണം മാറിയതിൽ അത്ഭുതം തോന്നാം.

ഈയിടെ തൃശ്ശിവപേരൂർ സിവിലാശുപത്രിയിൽ നിന്നു ഭേദപ്പെടാൻ പ്രയാസമാണെന്നു അഭിപ്രായത്തിന്മേൽ ഒഴിവാക്കിയ രണ്ടു മൂന്നു രോഗികളെ രാമവർമ്മ ആയുർവ്വേദാശുപത്രിയിൽ കൊണ്ടുപോയി ചികിത്സിച്ചു് ഭേദം വന്നിട്ടുള്ളതായി എനിക്കറിയാം. ഇതേവിധത്തിൽതന്നെ ഒരു വലിയ ഡാക്ടരെക്കൊണ്ടു സുഖപ്പെടുത്തുവാൻ സാധിക്കാതെ ഒഴിവാക്കിയ ഒരാളെ വെറും ഒരു L. M. P. ഡാക്ടർ ചികിത്സിച്ചു ഭേദമാക്കീട്ടുണ്ട്. ഇതിനു കാരണം എത്ര വലിയ ബിരുദധാരികളായാലും കൊള്ളാം ചിലർക്കു രോഗം മനസ്സിലായിട്ടില്ലെന്നവരാം. ആയുർവ്വേദ വൈദ്യന്മാരെ തൊട്ടാൽവാടി വൈദ്യന്മാർ എന്നു അലോപ്പതി ഡാക്ടർമാർ പറയാറുണ്ടെന്നു ഇവിടെ പറഞ്ഞു. അതു വാസ്തവമാണ്. മു-ക്കുമു — ളകുതി — പ്പലി എന്നുപറയുന്നവരേയും ചില ഗുളികകളും ഇഞ്ചക്ഷനും നിറച്ച ഒരു ചെറു കയ്യിൽ എടുത്തിട്ടുള്ളവരേയും ആയുർവ്വേദ വൈദ്യന്മാരായിട്ടു ഗണിച്ചാൽ ഇങ്ങിനെയുള്ള അഭിപ്രായം ആക്ഷേപം ഉണ്ടാകാം. ആയുർവ്വേദം ശരിക്കു പഠിച്ചിട്ടുള്ളവരെ ഒരു അലോപ്പതി ഡാക്ടർക്കും കായ്കാരണ സഹിതം ആക്ഷേപിക്കുവാൻ സാധിക്കയില്ല. ഇന്നത്തെ ചീഫ് മെഡിക്കലാഫീസർ തൃശ്ശൂർ സിവിൽ സർജനായിരുന്ന കാലത്തു അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് ഒരിക്കൽ ഒരു സുഖക്കേടുവന്നപ്പോൾ തൃശ്ശൂരിൽ പ്രാക്ടീസു ചെയ്യുവരുന്ന കാക്കനാട്ടു മാഴൻ വൈദ്യനാണു ചികിത്സിച്ചതു്. അദ്ദേഹത്തിന്റെ മകനു ഇദ്ദേഹവും ചികിത്സിച്ചിരുന്നു. ഇങ്ങിനെയുള്ള പല ഉദാഹരണങ്ങളും അനുഭവംകൊണ്ടു ഏവർക്കും പറയാൻ കഴിയും. ഒരു കാലത്തു ഭാരതീയരുടെ ഈ ചികിത്സാസമ്പ്രദായങ്ങൾ പാശ്ചാത്യരെ സാമാന്യത്തിലധികം അതിശയിപ്പിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുമുണ്ട്. നമ്മുടെ ചീഫ് മെഡിക്കലാഫിസർക്കുകൂടി വളരെ വിശ്വാസവും ബോദ്ധ്യവുമുള്ള ആയുർവ്വേദത്തെപ്പറ്റി അദ്ദേഹം പുച്ഛിക്കുന്നുണ്ടെങ്കിൽ അതു ഒരുതരം വ്യാപാരനയമോ മറ്റോ ആയിരിക്കാം. ആയുർവ്വേദത്തിനു അദ്ദേഹം തന്നെ പ്രാമാണ്യം നൽകുന്നു എന്നു പൊതുജനങ്ങളറിഞ്ഞാൽ അദ്ദേഹത്തിന്റെ വരുമ്പടി ഭംഗം തട്ടുന്നതാണെന്നു ഏവർക്കും അറിയാവുന്നതുമാണെല്ലോ. ആയുർവ്വേദ ചികിത്സയുടെ ഗുണത്തെ സംബന്ധിച്ചും അതു ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമാക്കിത്തീർക്കേണ്ട ആവശ്യകതയെ സംബന്ധിച്ചും മറ്റും ഉപക്ഷേപകർത്താവും മറ്റു പലരും ഇവിടെ പ്രസ്ഥാവിക്കുകയുണ്ടായി. എന്നിട്ടും അലോപ്പതിക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ഉറുപ്പികയിൽ ഫ/൨൫ ഭാഗമാണ് ആയുർവ്വേദത്തിനു നീക്കിവെച്ചിട്ടുള്ളതു്. അതു ഏറ്റവും ചെറിയ ഒരു വിഭാഗം മാത്രമാണ്. പഞ്ചായത്തിലേക്കും രാമവർമ്മ സെൻട്രൽ ആസ്പത്രിയിലേക്കും കൂടിയല്ലേ ഇത്ര ചെറിയ സംഖ്യ വെച്ചിരിക്കുന്നതു്. ആയുർവ്വേദ ചികിത്സാസമ്പ്രദായം പരിഷ്കരിച്ചു പൊതു ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമാക്കിത്തീർക്കുന്നതിനു കുറച്ചു പണവും കൂടി ചിലവഴിക്കാൻ ഗവർമ്മെണ്ടു സന്നദ്ധമാവേണ്ടതാണ്. മദ്രാസിൽ പോയി L. I. M. പാസായിവരുന്ന ഡാക്ടർമാർക്കു ശസ്ത്രക്രിയ കൂടി ചെയ്യുവാൻ സാധിക്കുന്നതാണ്. അങ്ങിനെയുള്ള ഡാക്ടർമാരെ വെക്കുകയാണെങ്കിൽ ശസ്ത്രക്രിയയും ചികിത്സയും നടത്തുവാൻ ആയുർവ്വേദ വൈദ്യന്നു സാദ്ധ്യമാകുന്നതാണ്. അലോപ്പതി ഡാക്ടറെ ശസ്ത്രക്രിയക്കും മരുന്നുകൊടുക്കുന്നതിനു ആയുർവ്വേദ വൈദ്യനേയും നിയമിക്കണമെന്നാണ് ഉപക്ഷേപകർത്താവു പറഞ്ഞിരിക്കുന്നതു്. അതു സ്വീകാര്യമാണെന്നു തോന്നുന്നില്ല. അലോപ്പതി ഡാക്ടർമാർ അവരുടെ ചികിത്സ ചെയ്തുകൊള്ളട്ടെ. ആയുർവ്വേദവൈദ്യന്മാർ അവരുടെ ചികിത്സാസമ്പ്രദായവും ചെയ്തുകൊള്ളട്ടെ. അവരെ യോജിപ്പിച്ചു ചികിത്സിക്കുവാനനുവദിച്ചാൽ അവരുടെ മത്സരം മൂലം രോഗികൾ കഷ്ടപ്പെടേണ്ടതായിവന്നേക്കാം. ഇപ്പോഴത്തെ പഞ്ചായത്തു വൈദ്യന്മാരുടെ യോഗ്യത കെ. എ. സമാജത്തിനുപോയി രണ്ടു കൊല്ലം മരുന്നരക്കുവാൻ ഇരുന്നിട്ടുണ്ടു എന്നുള്ളതാണെത്രേ. എന്നാൽ അതേസമയത്തുതന്നെ ആയുർവ്വേദത്തിൽ യൂണിവേഴ്സിറ്റിയിലെ വലിയ പരീക്ഷകൾ പാസായിവരുന്നവർക്കു ജോലി കൊടുക്കുന്നില്ല. വൈദ്യകാലാനിധി പരീക്ഷ പാസായവർ പഞ്ചായത്തു വൈദ്യന്റെ ജോലിക്കു അപേക്ഷകൊടുത്തിട്ടു ഇതേവരെ അവർക്കു ജോലി കൊടുത്തിട്ടില്ല. എന്നു മാത്രമല്ല ഇവിടെ ആക്ടിംഗ് ജോലി നോക്കീട്ടുള്ള അത്തരം വൈദ്യന്മാർക്കു പിന്നീടു സ്ഥിരം ഒഴിവു വന്നിട്ടും കൊടുത്തിട്ടില്ലെന്നുള്ള സംഗതി എനിക്കു നേരിട്ടറിയാവുന്നതാണ്. എന്നാൽ കെ. എ. സമാജത്തിൽ പോയി വന്നിട്ടുള്ളവർക്കു ജോലി കിട്ടിട്ടുമുണ്ട്. അതുകൊണ്ടു ആയുർവ്വേദവൈദ്യനായിട്ടു ഗവർമ്മെൻറു നിയമിക്കുന്നതു് ശരിയായിട്ടുള്ള സർക്കാർ പരീക്ഷകളിൽ ഏതെങ്കിലും പരീക്ഷ പാസായിട്ടുള്ളവരെ മാത്രമേ പാടുള്ളൂ എന്നു ഒരു നിബന്ധനയുണ്ടാക്കിയാൽ കൊ

LIBRARY ARCHIVES Kerala Legislative Assembly

ള്ളാമെന്ന എനിക്കൊരപേക്ഷയുണ്ട്. ഇതു ഗവമ്മെൻറു പരീക്ഷയാണൊ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)* അതെ, ഗവമ്മെൻറു പരീക്ഷയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— എത്രകൊല്ലത്തെ കോഴ്സുണ്ട് തയ്യാറാക്കുന്നതിൻറെ പരീക്ഷയല്ലേ?

മിസ്റ്റർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)* അഞ്ചുകൊല്ലം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ പരീക്ഷകന്മാരിൽ നമ്മുടെ ഗവമ്മെൻറിൻറെ ആരെങ്കിലും ഒരാളുണ്ടോ? പരീക്ഷാഫലം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട് എന്നു പറഞ്ഞു. അങ്ങിനെ പരീക്ഷാഫലം മാത്രം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയാൽ മതിയോ? പേർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിലാണൊ പ്രാധാന്യം? എന്നാൽ പുകയില ഷാപ്പു, കള്ളു ഷാപ്പു, മുതലായതിൻറെ പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ലേ? ഞാൻ പറയുന്നതു ആയുർവ്വേദ വൈദ്യത്തിൽ കുറച്ചധികം പാണ്ഡിത്യമുള്ള ആളായിരിക്കണമെന്നാണ്. ആറേഴു കൊല്ലം പട്ടാമ്പി സംസ്കൃത കാളേജിൽ പോയി വായിച്ചു് മദ്രാസ് സർവ്വകലാശാലയിൽനിന്നു ആയുർവ്വേദ ശിരോമണി, തിരുവിതാംകൂറിലെ വൈദ്യകലാനിധി മുതലായ പരീക്ഷകൾ പാസായി വരുന്നവർക്കും മറ്റു കൂടുതൽ യോഗ്യതയുള്ളവർക്കും മുൻഗണന കൊടുക്കണമെന്നാണു ഞാൻ പറയുന്നതു്.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി *(Pazhanji)*.— മാമി വൈദ്യനായാൽ ഇതിനു പറ്റുമോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അദ്ദേഹം ഇതിനു വരികയില്ല. ഇതിനു പറ്റിയ വൈദ്യന്മാരെ അദ്ദേഹം അദ്ദേഹത്തിൻറെ ശിഷ്യഗണത്തിൽ നിന്നു ധാരാളം പരിചയിപ്പിച്ചു വിട്ടിട്ടുണ്ട്. അദ്ദേഹത്തെ പറ്റിയുള്ള അജ്ഞതയോ അവജ്ഞയോ ആയിരിക്കാം ഇങ്ങിനെ പുലമ്പുന്നതിനു നിങ്ങളെ പ്രേരിപ്പിച്ചതെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി *(Pazhanji)*.— രാമവമ്മാശുപത്രിയിലാണെങ്കിൽ പോകുമോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അതിനു മറുപടി ആവശ്യമില്ല. സർ, നമ്മുടെ ആയുർവ്വേദാശുപത്രിക്കു തൊട്ടു ആയുർവ്വേദ ഔഷധങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ഒരു സ്ഥലം കൂടി എടുപ്പിച്ചുകൊടുത്തതു നന്നായിരിക്കും. മദ്രാസിൽ അടുത്തായി ആയുർവ്വേദ കോളേജ് സ്ഥാപിച്ച പരേതനായ ആയുർവ്വേദഭിഷക്ക് മണി— വൈദ്യരത്നം പ

LIBRARY ARCHIVES Kerala Legislative Assembly

ണ്ഡിറ ഗോപാല ചാർളു എന്ന മഹാൻ അദ്ദേഹത്തിന്റെ വൈദ്യ ശാലയുടേയും ആയുർവ്വേദ കോളേജിന്റേയും ആവശ്യത്തിലേക്ക വേണ്ട ഔഷധങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്ന അവിടെ വളരെ വലിയ ഒരു ഔഷധത്തോട്ടം ഉണ്ടാക്കീട്ടുണ്ടായിരുന്നു. അങ്ങിനെ സ്വന്തം നിലയിൽ ഒരാൾക്ക മദ്രാസ് പട്ടണത്തിൽ ഒരു വലിയ ഔഷധത്തോട്ടം ഉണ്ടാക്കുവാൻ സാധിച്ചുവെങ്കിൽ ഗവൺമെൻറിൽനിന്ന നടത്തുന്ന നമ്മുടെ ആയുർവ്വേദാശുപത്രിക്ക കുറച്ചു സ്ഥലം മരുന്നതോട്ടമുണ്ടാക്കുവാനായിട്ട റിസർവു ചെയ്യണമെന്ന പറയുന്നത് ഒരിക്കലും അക്രമമായും അന്യായമായും വിചാരിക്കുവാൻ ന്യായമില്ല. അതുകൊണ്ട അങ്ങിനെയുള്ള ഒരു ഔഷധത്തോട്ടം ക്രൂടി ഉണ്ടാക്കുവാൻ ശ്രമിച്ചാൽകൊള്ളാം. പിന്നെ ആയുർവ്വേദാശുപത്രിയിൽ ഗവൺമെൻറു പ്രത്യേകമായി മരുന്നുണ്ടാക്കി പുറത്തേക്ക വിൽക്കുവാനുള്ള സൌകര്യമുണ്ടാക്കണമെന്ന പറഞ്ഞതു ശരിയാണെന്ന തോന്നുന്നില്ല. നമ്മുടെ ആവശ്യത്തിന്നവേണ്ടതു ഉണ്ടാക്കണം. കെ. എ. സമാജത്തിൽ നിന്നായിരുന്ന ആദ്യം പഞ്ചായത്തു വൈദ്യാശാലകളിലേക്കുള്ള മരുന്ന കൊടുത്തിരുന്നതു. അന്ന ഒരു വായു ഗുളികക്ക ചാർജ്ജു ചെയ്തിരുന്ന തുകകൊണ്ടു രാമവർമ്മ സെൻട്രൽ ആയുർവ്വേദാശുപത്രിയിൽ മരുന്നുണ്ടാക്കി തുടങ്ങിയപ്പോൾ അതിനെക്കാൾ ഗുണം ക്രൂടുതലും വിശ്വാസവുമുള്ള മൂന്ന ഗുളികകൾ വാങ്ങിക്കാൻ സാധിക്കുമെന്നാണു് എന്റെ അറിവു്. അപ്പോൾ കെ. എ. സമാജത്തിൽ നിന്ന നാഠക. ക്ക മരുന്ന വാങ്ങുകയാണെങ്കിൽ അതേ സംഖ്യകൊണ്ടു മൂന്നിരട്ടി മരുന്ന ഇവിടെ ഉണ്ടാക്കുവാൻ സാധിക്കും. അങ്ങിനെ നോക്കിയാൽ പഞ്ചായത്തു വൈദ്യശാലകൾക്ക ഇപ്പോഴത്തേക്കാളും ക്രൂടുതൽ മരുന്ന കൊടുക്കുവാൻ സാധിക്കുകയും ചെയ്യും. പഞ്ചായത്തു വൈദ്യന്മാരുടെ തസ്തിക ഗവർമ്മെൻറു തസ്തികയായിട്ട സ്വീകരിക്കണമെന്നും പഞ്ചായത്തു വൈദ്യശാലകളിൽ ഓണററിസിസ്റ്റും ഏർപ്പെടുത്തണമെന്നുംക്രൂടി പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ ബലമായി അനുക്രുലിച്ചുകൊള്ളുന്നു.

Dr. E. S. R. Menon (*Director of Public Health and Panchayats*).—I should like to point out to the House that there is a specific order of Government to the effect that only qualified persons who hold certificates of passing the Keraleeya Ayurveda Samajam Examination or other similar and equivalent examinations, will be appointed as Vaidyans. The Hon'ble Member was saying that only those who have stayed in the K. A. Samajam Hospital for some two years doing some minor work like compounding—what he termed as 'മരുന്നാക്കുക'—are now appointed as Panchayat Vaidyans. I refute that statement. Really speaking, to get a certificate from the K. A. Samajam, a Vaidyan has to undergo a course of study in Ayurveda for at least five years in the ordinary circumstances. He has to pass an examination conducted by a body of eminent

LIBRARY ARCHIVES Kerala Legislative Assembly

physicians, the head of which body is no less a person than Vaidyaratnam Narayanan Moosad.

The House rose for the day at 5 p. m.

B. V. KRISHNANKUTTY MENON,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly